ഇപ്പോൾ താമസിക്കുന്നത്. അതിനുവേണ്ടി ഒരു കെട്ടിടം പുഴാതി പഞ്ചായത്തിൽ പകുതിയോളമായിട്ടുണ്ട്. അതിന്റെ പണി അതോടുകൂടി നിന്നിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ആ സ്കൂളിനും ഹോസ്റ്റലിനും വേണ്ട സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാകണം. ഹോസ്റ്റൽ സൗകര്യത്തിനുവേണ്ടി പൂർത്തിയാക്കാൻ പുഴാതി പഞ്ചായത്തിൽ ആരംഭിച്ച ഹോസ്റ്റലിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ തീർത്ത് കുട്ടികളെ അവിടേയ്ക്ക് മാറ്റാനുള്ള സാഹചര്യമുണ്ടാക്കണം. അതോടൊപ്പം പഠിക്കാൻ സ്ഥലസൗകര്യങ്ങളോടുകൂടിയ ഒരു പുതിയ കെട്ടിടം ആ സ്കൂളിനുവേണ്ടി കണ്ടെത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. കണ്ണൂരിനോട് അഭേദ്യമായ മാനസിക കൂറുണ്ടെന്ന് പലപ്പോഴും പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദാര്യം ഇതിലേക്ക് ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, സാധാരണ രീതിയിൽ 25 കൊല്ലമായി ഈ നേഴ്സിംഗ് സ്കൂൾ തുടങ്ങിയിട്ട്. അതിന് ഇതുവരെ കെട്ടിടവും ഹോസ്റ്റലും ഉണ്ടായിട്ടില്ല. 150-ഉം 200-ഉം കൊല്ലം പഴക്കമുള്ള കന്റോൺമെന്റിന്റെ വാടക കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ആ വാടക കെട്ടിടത്തിലാണ് ലാബും സൗകര്യങ്ങളുമൊക്കെ. കണ്ണൂരിനെ സാധാരണഗതിയിൽ ഇത്തരം കാര്യങ്ങളിൽ അവഗണിക്കുന്നുവെന്നുള്ള പരാതി അവർക്ക് ഉണ്ട്. ഏതായാലും നേഴ്സിംഗ് സ്കൂളിനുവേണ്ടി 37 ലക്ഷം രൂപ മതിപ്പ് തുകയുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി ഇപ്പോൾ തുടങ്ങി. ഏറെക്കുറെ തീരാറായിട്ടുണ്ട്. പക്ഷെ, ബഡ്ജറ്റിൽ പണം കുറവായതുകൊണ്ട് കരാറുകാരെ സമ്പന്ധിച്ചിടത്തോളം ആവശ്യമായ 5 ലക്ഷം രൂപയേയുള്ളൂ. 10 ലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് അത് പരിഹരിക്കാൻ അഡീഷണൽ അതൈറെസേഷൻ കിട്ടുന്നതിനുവേണ്ടി അവിടത്തെ എം.എൽ.എ. മാരെല്ലാം ഒപ്പിട്ട കത്ത് എനിക്ക് തന്നിട്ടുണ്ട്. ഞാനും അയച്ചിട്ടുണ്ട്. സ്വാഭാവികമായി ബഡ്ജറ്റിൽ പണം കിട്ടുന്ന മുറയ്ക്ക് പണി തുടങ്ങാൻ കഴിയും. ഈ വർഷം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറിൽനിന്ന് കെട്ടിടമുണ്ടാക്കാനുള്ള നിർദ്ദേശം തന്നിട്ടുണ്ട്. അത് പി.ഡബ്ല്യു.ഡി. പരിശോധിച്ചുവരികയാണ്. പരിശോധിച്ച് കഴിഞ്ഞ് നിർദ്ദേശമുണ്ടായാൽ അതും കഴിയുന്നതും വേഗം തുടങ്ങാം. ധനലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(6) മൾട്ടിപ്പിൾ മൈലോമയ്ക്കു തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സ ലഭിക്കാത്തത് സംബന്ധിച്ച്

ഡോ. എം.എ. കുട്ടപ്പൻ : സർ, നമ്മുടെ എല്ലുകളെ ബാധിക്കുന്ന മാരകമായ കാൻസർ രോഗങ്ങളിൽ ഒന്നാണ് മൾട്ടിപ്പിൾ മൈലോമ. ആ മൾട്ടിപ്പിൾ മൈലോമയ്ക്ക് തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിൽ ചികിത്സ നൽകാൻ അവിടത്തെ ഡോ. കൃഷ്ണൻ നായർ അനുവാദം നൽകുന്നില്ല. അദ്ദേഹം പറയുന്നത് ഒന്നുകിൽ ന്യൂഡൽഹിയിലെ ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലോ അല്ലെങ്കിൽ അപ്പോളോയിലോ പോകണമെന്നാണ്. അവിടെയാണെങ്കിൽ എല്ലാ വിദ്യാഭ്യാസ യോഗ്യതയും ലോകോത്തര സെന്ററുകളിൽനിന്ന് ട്രെയിനിംഗും ലഭിച്ച ഡോ. ഗംഗാധരൻ ഉണ്ട്. ഈ മൾട്ടിപ്പിൾ മൈലോമയ്ക്ക് ചികിത്സ നൽകാൻ മൈക്രോ ബയോളജി ലാബ്, ഫ്ളോ

LIBRARY ARCHIVES Kerala Legislative Assembly

സൈറ്റോമീറ്റർ, ക്രയോ പ്രിസർവേറ്റർ എന്നിവ അവിടെയില്ലെന്ന് പറഞ്ഞുകൊണ്ടാണ് അതിനുള്ള അനുവാദം ഡോ. കൃഷ്ണൻ നായർ നിഷേധിക്കുന്നത്.

സർ, എന്നാൽ പാലക്കാട് ജില്ലയിലെ ടെലിഫോൺ ഇൻഡസ്ട്രിയിൽ ജോലി ഉണ്ടായിരുന്ന എൻജിനീയർ മി. മോഹൻലാൽ ഇവിടെ ചികിത്സ നിഷേധിക്കപ്പെട്ടപ്പോൾ ഡൽഹിയിൽപ്പോയി ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ചികിത്സ നേടി. അവിടെ ഫ്ളോ സൈറ്റോമീറ്റർ, ക്രയോപ്രിസർവേറ്റർ എന്നിവയുടെ സഹായമില്ലാതെ, ഇവിടത്തേക്കാൾ മോശമായ മുറിയിൽ വച്ചാണ് അദ്ദേഹത്തിന് ചികിത്സ ലഭിച്ചത്. മി. മോഹൻലാലിന് യാതൊരു കുഴപ്പവുമില്ല. ചെമ്പഴന്തി എസ്. എൻ. കോളേജിലെ പ്രൊഫസർ ഡോ. കെ.കെ. ശശിധരനും നമ്മുടെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ബാബുപോളിന്റെ ഭാര്യയും സിനിമാനടനായ ബാലൻ കെ. നായരുമൊക്കെ ചികിത്സ പ്രതീക്ഷിച്ച് ഇവിടെ കഴിയുകയാണ്. സർ, ഏതാനും പേരുകൾ ഇവിടെ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഒട്ടേറെ ആളുകൾ ചികിത്സ പ്രതീക്ഷിച്ച് ഇവിടെ കഴിയുന്നു. കഴിഞ്ഞ പത്തുവർഷമായി ഈ സ്ഥാപനത്തിൽ ലുക്കേമിയാ അല്ലെങ്കിൽ രക്താർബുദത്തിനു ഹൈ ഡോസ് കീമോതെറാപ്പി കൊടുക്കുന്നുണ്ട്. ഈ രോഗത്തിനും അതുതന്നെയാണ് ചികിത്സ. ഹൈഡോസ് കീമോതെറാപ്പി കൊടുക്കുമ്പോൾ നമ്മുടെ രക്തത്തിലുള്ള WBCs, വെളുത്ത രക്താണുക്കൾ നശിച്ചുപോകും. വെളുത്ത രക്താണുക്കളൊക്കെ രോഗാണുവിനെ തടഞ്ഞുനിർത്തുന്ന പ്രതിരോധസേനയാണ്. അതുകൊണ്ട് ചികിത്സ നൽകാൻ പാടില്ലെന്നാണ് ഡോ. കൃഷ്ണൻ നായർ പറയുന്നത്. ഇവിടെ മൾട്ടിപ്പിൾ മൈലോമയ്ക്ക് ആ പ്രതിരോധശേഷി കൂടുതൽ ഉണ്ടാക്കാൻവേണ്ടി ഹൈ ഡോസ് കീമോതെറാപ്പിക്ക് മുൻപായി ഓർട്ടലോഗസ് പെരിഫെറൽ സെൽ ട്രാൻസ്പ്ലാന്റ് ചെയ്യുന്നു എന്നുപറഞ്ഞാൽ രക്തത്തിലുള്ള stem cells പ്രത്യേകമായി വേർതിരിച്ചെടുത്ത്, സെൽ സെപ്പറേറ്റർ ഉപയോഗിച്ച് മാറ്റിയെടുത്തശേഷം അഞ്ചോ ആറോ ദിവസം കഴിഞ്ഞ് അത് വീണ്ടും കുത്തിവയ്ക്കുകയാണ്. Actually this is not transplantation. ഇത് ഓട്ടലോഗസ് ആണ്. പക്ഷെ അത് കൊടുക്കാൻ ഡോ. കൃഷ്ണൻ നായർ തയ്യാറാകുന്നില്ല. സർ, ഡോക്ടർ കൃഷ്ണൻ നായർ എന്റെ അധ്യാപകനാണ്. എന്നെ പഠിപ്പിച്ചയാളാണ്. അങ്ങയുടെ ആരോഗ്യവകുപ്പിൽ ജോലി ചെയ്ത ഒരു ഡോക്ടർ എന്ന നിലയിലും ആലപ്പുഴ മെഡിക്കൽ കോളേജിൽ അധ്യാപകനായിരുന്ന നിലയിലും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഹോസ്പിറ്റലിലെ ഡോക്ടറായിരുന്ന ആൾ എന്ന നിലയിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയായിരുന്ന ഒരാൾ എന്ന നിലയിലും ഞാൻ പറയട്ടെ. ഈ സ്ഥാപനത്തിൽ മൾട്ടിപ്പിൾ മൈലോമയ്ക്ക് ചികിത്സ കൊടുക്കാനുള്ള എല്ലാ സംവിധാനവും സൗകര്യവുമുണ്ട്. എന്റെ വാക്ക് അവസാന വാക്ക് ആക്കേണ്ടതില്ല. അങ്ങുതന്നെ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് ഇതിന് ചികിത്സ കൊടുക്കാൻ സൗകര്യമുണ്ടോയെന്ന് പഠിക്കണം. ഒരു രോഗിക്ക് ഡൽഹിയിൽപോയി ചികിത്സിക്കാൻ 4 ലക്ഷം രൂപ ആവശ്യമാണ്. അതുകൊണ്ട് അതിനേപ്പറ്റി പഠിച്ച് ഈ രോഗികൾക്ക് ഇവിടെത്തന്നെ ചികിത്സ കൊടുക്കാനുള്ള സൗകര്യമുണ്ടാക്കണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, മൾട്ടിപ്പിൾ മൈലോമയെ സംബന്ധിച്ച് ഈ സബ്മിഷൻ കിട്ടിയപ്പോൾ ആർ.സി.സി.യെ സംബന്ധിച്ചിടത്തോളം അതിന്റെ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു വിശദീകരണം ചോദിക്കുകയുണ്ടായി. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ലഭിച്ച വിവരങ്ങൾ അനുസരിച്ച് ഒന്ന്, ഈ രീതികൊണ്ട് രോഗം മാറാനുള്ള സാദ്ധ്യതയില്ല. രണ്ട്, പക്ഷെ ഇതുകൊണ്ടുണ്ടാകാവുന്ന ദോഷങ്ങൾ ഉണ്ട്. മൂന്ന് ഇത് ചെയ്യാൻ ആശുപത്രിയിൽ ലഭ്യമായ അടിസ്ഥാന സൗകര്യമില്ല. നാല്, ഇതുമൂലം രോഗിക്കും സ്ഥാപനത്തിനും കടുത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. Peripheral Blood Stem Cell Transplantation-PBSCT എന്ന പുതിയ ചികിത്സാരീതിയാണ് ഇതിൽ പ്രയോഗിക്കുന്നത്. ഇന്ത്യയിൽ ഇത് ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, മദിരാശിയിലെ അപ്പോളോ ഹോസ്പിറ്റൽ, ബോംബെയിലുള്ള ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിലാണ് ഇത്തരം സൗകര്യങ്ങൾ ഉണ്ടായിരുന്നത്. ഈ ചികിത്സ തുടങ്ങിയിട്ട് മരണപ്പെട്ടതുകൊണ്ട് ഇത് നിറുത്തിയ സ്ഥലവുമുണ്ട്. ബ്രോംബെയിൽ അൻപതോളം കേസ്സുകൾ ചെയ്തു. ആ മരണവുമായി തട്ടിച്ചുനോക്കുമ്പോൾ ആ സാമ്പത്തിക ബാദ്ധ്യത അതിനേക്കാൾ മറ്റു കാര്യങ്ങൾക്ക് ചെലവഴിക്കാമെന്നുള്ളതുകൊണ്ട് അവർ നിറുത്തലാക്കിയെന്ന് ഒരു വിവരത്തിൽ കാണുന്നു. ഇതു സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഡോക്ടർമാരുടെ ഇടയിലുണ്ട്. എന്നാൽ ആർ.സി.സി.യിൽ ചെയ്യേണ്ട ചികിത്സാരീതികളെ സംബന്ധിച്ചിടത്തോളം നേരത്തെ സൂചിപ്പിച്ച നാല് ഘടകങ്ങൾ അവിടെയുണ്ട്. ആ ഘടകങ്ങളൊന്നും ഇതുവരെ ആരും ഇവിടെ ഉന്നയിച്ചിട്ടില്ല. R.C.C. Superintendent, Director, Academic Forum, Bone marrow committee ഈ നാല് തലങ്ങളിലും ചർച്ച നടത്തിയാണ് ഇത്തരം പ്രധാന കാര്യങ്ങൾ തീരുമാനിക്കുക. ആ ചർച്ചയിൽ വന്നാൽ തീർച്ചയായും ഡോക്ടർമാർക്ക് അഭിപ്രായം പറയാം. ഈ ചികിത്സയെ സംബന്ധിച്ചിടത്തോളം വിദഗ്ദ്ധ ഡോക്ടർമാർ തമ്മിൽ ഇപ്പോൾ തർക്കങ്ങളുണ്ട്. ഒരു രോഗി രക്ഷപ്പെടുകയില്ലെന്ന് ഒരു ഡോക്ടർ പറഞ്ഞാൽ മറ്റൊരു ഡോക്ടർ രക്ഷപ്പെടുത്തുകയാണെങ്കിൽ അത് ശാസ്ത്രരംഗത്തുള്ള പുതിയ ചില പ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട കുട്ടപ്പനും അദ്ദേഹത്തിന്റെ അദ്ധ്യാപകനും തമ്മിലാണ് ഇപ്പോൾ തർക്കം. അദ്ധ്യാപകൻ പറയുന്നു, ഇതിനുള്ള സൗകര്യങ്ങളില്ല, ഇതിന്റെ മുതൽമുടക്ക് നോക്കിയാൽ ഗുണകരമല്ലെന്ന് വിദ്യാർത്ഥി പറയുന്നു, മുതൽമുടക്കും മറ്റു കാര്യങ്ങളും നോക്കണ്ട ഇത് ചെയ്യണം എന്ന്. ഇത് രണ്ടുമാണ് തർക്കം. ഏതായാലും ഈ കാര്യം ഉന്നയിച്ച നിലയ്ക്ക് ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഇതുമായി വൈദഗ്ദ്ധ്യമുള്ള ഒരു വിദഗ്ദ്ധ ഡോക്ടറെക്കൊണ്ട് നിഷ്പക്ഷമായി പരിശോധിപ്പിച്ച്, രോഗിയുടെ ജീവനും സർക്കാരിന്റെ പണം ഉൾക്കൊള്ളുന്നതും സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(7) പാറശ്ശാലയിലെ കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷാപ്പിന്റെ പണി

<u>ശ്രീ. എൻ. സുന്ദരൻ നാടാർ</u> : സർ, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഇപ്പോഴുള്ള വർക്ക്ഷോപ്പുകളിൽ വണ്ടികളുടെ അറ്റകുറ്റപണി ദിവസേനയും മാസത്തിലും നടത്തുന്നുണ്ട്. എന്നാൽ വണ്ടി പൊളിച്ച് റീ-കണ്ടീഷൻ ചെയ്തിറക്കുന്നതിന് റീജിയണൽ വർക്ക് ഷോപ്പ് ആവശ്യമാണ്. തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായി ദേശസാൽക്കരിച്ച മേഖലയിൽ ഏതാണ്ട് 1500-ഓളം ഷെഡ്യൂളുകൾ ഇന്നുണ്ട്. അത് കൃത്യമായി റിപ്പയർ ചെയ്താൽ മാത്രമേ റെഗുലറായി സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ. ഇന്ന് റീജിയണൽ വർക്ക് ഷാപ്പിന്റെ അപര്യാപ്തതമൂലം ഏതാണ്ട് 60 ശതമാനം സർവ്വീസുകൾ മാത്രമേ നടത്തുന്നുള്ളൂ. ഇന്നുള്ള പാപ്പനംകോട് സെൻട്രൽ വർക്ക് ഷാപ്പ് മതിയാകാത്തതുകൊണ്ട് 1984-ൽ പാറശ്ശാലയിൽ ഒരു റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly